# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1799**     **01.11.2019** -ലെ മറുപടിയ്ക്ക്

## എം.ജി. സർവ്വകലാശാല അദാലത്ത്

*ചോദ്യം*     *ഉത്തരം*

**ശ്രീ. കെ.സി.ജോസഫ്**
**ശ്രീ. ഷാഫി പറമ്പിൽ**
**ശ്രീ. ഐ.സി.ബാലകൃഷ്ണൻ**

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി )

| | | | |
|---|---|---|---|
| (എ) | എം.ജി. സർവ്വകലാശാല സംഘടിപ്പിച്ച അദാലത്തിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർ പങ്കെടുക്കുകയും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും പരീക്ഷയിൽ പരാജയപ്പെട്ട ഒരു വിദ്യാർത്ഥിനിക്ക് മാർക്ക് കൂട്ടി കൊടുക്കുവാൻ തീരുമാനം എടുക്കുകയും ചെയ്തതുവെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇപ്രകാരം മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർ അദാലത്തിൽ പങ്കെടുക്കുന്നതിനുള്ള അധികാരം യൂണിവേഴ്സിറ്റിയുടെ നിയമത്തിലോ, സ്റ്റാറ്റ്യൂട്ടിലോ ഉണ്ടോ; ഇല്ലെങ്കിൽ 22.2.19 ന് നടത്തിയ അദാലത്തിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർ പങ്കെടുത്തത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്താമോ; | (ബി) | പേഴ്സണൽ സ്റ്റാഫിലുള്ളവർ അദാലത്തിൽ പങ്കെടുക്കുന്നതു സംബന്ധിച്ച് നിയമത്തിലോ, സ്റ്റാറ്റ്യൂട്ടിലോ വ്യവസ്ഥ ചെയ്തിട്ടുള്ളതായി കാണുന്നില്ല. അദാലത്തിന് മുന്നോടിയായുള്ള ഉദ്ഘാടനചടങ്ങിലാണ് സംഘാടകരുടെ ക്ഷണമനുസരിച്ച് പേഴ്സണൽ സ്റ്റാഫ് അംഗം പങ്കെടുക്കുന്നത്. |
| (സി) | ഇത്തരം അദാലത്തുകൾക്ക് വിദ്യാർത്ഥികൾക്ക് മാർക്ക് കൂട്ടി നൽകുവാൻ തീരുമാനം എടുക്കുന്നതിന് അധികാരമുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരമൊരു നടപടി എം.ജി. സർവ്വകലാശാലയുടെ അദാലത്തിൽ ഉണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | അദാലത്തുകൾക്ക് ഇത്തരത്തിൽ അധികാരമുള്ളതായി കാണുന്നില്ല. അദാലത്തിനു വേണ്ടി രൂപീകരിച്ച സിൻഡിക്കേറ്റ് ഉപസമിതി 21/02/2019 ൽ ചേർന്ന യോഗത്തിലാണ് ഒരു മാർക്ക് മോഡറേഷൻ നല്കാൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ.